**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 381** **27-01-2026 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ മണ്ഡലത്തിൽ അമൃത് പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് എന്തൊക്കെ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന വിശദവിവരം ലഭ്യമാക്കാമോ; | (എ) | ആലപ്പുഴ നഗരസഭയിൽ അമൃത് 1.0 പദ്ധതിയിൽ ഉൾപ്പെടുത്തി 212 പ്രോജക്ടുകൾ ( ശുദ്ധജല വിതരണം - 11, സിവറേജ് - 4, ഓടകൾ / കാനകളുടെ നിർമ്മാണം -160, പാർക്കുകൾ -8, അർബൻ ട്രാൻസ്പോർട്ട് -29 ) ഏറ്റെടുത്ത് നടപ്പിലാക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി പദ്ധതികൾക്ക് 225.08 കോടി രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. മേൽപ്പറഞ്ഞ പദ്ധതികളിലെ മിച്ചം തുക ഉപയോഗിച്ച് ഏറ്റെടുത്ത 7 ഉപ പദ്ധതികൾ കൂടി പൂർത്തീകരിക്കുവാനുണ്ട്.<br><br>അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തി 95.652 കോടി രൂപയുടെ 16 പ്രോജക്ടുകൾ അംഗീകരിച്ചിട്ടുള്ളതാണ് (വാട്ടർ സപ്ലൈ - 4, ജലാശയങ്ങളുടെ പുനരുജ്ജീവനം -8, പാർക്ക്-2, സിവറേജ് - 2). ഇതിൽ 13 പ്രോജക്ടുകൾക്ക് ഭരണാനുമതി നല്കിയിട്ടുള്ളതും 11 പ്രോജക്ടുകൾ അവാർഡ് ചെയ്ത് പ്രവർത്തികൾ നടത്തിവരുന്നതും അതിൽ അഞ്ച് പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. നിലവിൽ 8.28 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും അവ എന്ന് പൂർത്തീകരിക്കാനാകുമെന്നും പൂർത്തീകരിക്കാനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ഭജനമഠം സെറ്റിൽമെന്റിലേക്ക് 13000 ലിറ്റർ കപ്പാസിറ്റിയുള്ള സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന് അമൃത് 2.0 യിൽ കേന്ദ്രാനുമതി ലഭിച്ചെങ്കിലും ലാൻഡ് റീലിംകിഷ് ചെയ്തു കിട്ടാത്തതിനാൽ ഭരണാനുമതിക്കായി സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇതൊഴികെ നിലവിൽ മറ്റു പ്രോജക്ടുകൾ സമയബന്ധിതമായി നടന്നുവരികയാണ്.<br>അമൃത് 1.0 പദ്ധതിക്ക് കീഴിലെ മിച്ചം തുക ഉപയോഗിച്ച് ഏറ്റെടുത്ത 7 ഉപ പദ്ധതികൾ കൂടി പ്രസ്തുത പദ്ധതിയിൽ പൂർത്തീകരിക്കുവാനുണ്ട്. മാർച്ച് 2026-ൽ പ്രവർത്തികളുടെ പൂർത്തീകരണം പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ